2. കൊല്ലം 5 ഇനം മരുന്നുകൾ ഉണ്ട്.

1.	ബ്ലീച്ചിംഗ് പൗഡർ	.. വില	79,638	രൂപ
2.	മിക്ചർ കാർമണേറ്റീവ്	.. ,,	28,722.82	,,
3.	പ്രൂസിമൈഡ് ടാബ്‌ലറ്റ്	.. ,,	1817.50	,,
4.	അഡ്രിനാലിൻ ഇൻജക്ഷൻ	.. ,,	963.20	,,
5.	സിഹവക്സിൻ ക്യാപ്സ്യൂൾ	.. ,,	58,281.8	,,

പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ കാലാവധി കഴിയാൻ സാദ്ധ്യതയുള്ള മരുന്നുകൾ ഇല്ല. കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) 1. ബ്ലീച്ചിംഗ് പൗഡർ .. സതേൺ യൂണിയൻ ഫാർമസ്യൂട്ടിക്കൽ (1324 കെ. ജി. 7/02)

2. മിക്ചർ കാർമണേറ്റീവ് .. മോഡേൺ ഫാർമസ്യൂട്ടിക്കൽസ് (837 ബോട്ടിൽ 8/02)

3. പ്രൂസിമൈഡ് ടാബ്‌ലറ്റ് .. യൂനികൃർ (11,400 ബോട്ടിൽ 8/02)

4. അഡ്രിനാലിൻ ഇൻജക്ഷൻ .. സാൻഡ് ഫാർമസ്യൂട്ടിക്കൽസ് (560 ആംപ്യൂൾ 10/02)

5. സിഹവക്സിൻ ക്യാപ്സ്യൂൾ .. ആർ.കെ.ജി. ഫാർമ (44300 എണ്ണം 8/02)

(സി) ഇത്തരം ഒരു ഉടമ്പടി കമ്പനികളുമായി നിലവിലില്ല. ആയതിനാൽ മടക്കിക്കൊടുത്ത് പകരം മരുന്ന് സപ്ലൈ ചെയ്യുവാൻ കമ്പനിയോട് ആവശ്യപ്പെടാൻ വ്യവസ്ഥയില്ല.

(ഡി) 3,52,544 രൂപയുടെ മരുന്നുകൾ.

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള നിയമം

157 [T5302] ശ്രീ. വി. കെ. അബ്ദുറഹ്മാൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. വി. എം. സാഹിർ:
,, വി. കെ. കെ. ബാവ:
,, ഇസ്ഹാക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള നിയമപ്രകാരം 2002-03 വർഷത്തിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിൽ ശിക്ഷിക്കപ്പെട്ട കേസുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 269 കേസുകൾ എടുത്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2002-03 വർഷത്തിൽ ഫയൽ ചെയ്ത 269 കേസുകളിൽ ഒന്നുംതന്നെ തീർപ്പ് കൽപ്പിച്ചിട്ടില്ല. ഈ കേസുകൾ അതാത് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളിൽ വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

പോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് നിയമനത്തിന്റെ മാനദണ്ഡം

158 [5303] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് നിയമനത്തിന് നിലവിൽ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ളവരിൽ മാനദണ്ഡ പ്രകാരം നിയമനം ലഭിച്ചവർ എത്ര; പ്രൊമോഷനും മറ്റു മാർഗ്ഗങ്ങൾ മുഖേനയും നിയമനം ലഭിച്ചവർ എത്ര;

(സി) ഫാർമസിസ്റ്റ് നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയ്ക്കുവേണ്ടി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടത്തി; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷവും താൽക്കാലികമായി നഴ്സ്-കം-ഫാർമസിസ്റ്റ് പ്രൊമോഷൻ ലഭിച്ചവർ തുടരുന്നത് അവസാനിപ്പിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി കൊടുക്കുന്നു.

(ബി) ഫാർമസിസ്റ്റ് തസ്തികയിൽ ഇപ്പോഴുള്ളവരിൽ നിലവിലുള്ള മാനദണ്ഡ പ്രകാരം നിയമനം ലഭിച്ചവർ ആരും തന്നെയില്ല. താൽക്കാലിക പ്രൊമോഷൻ വഴിയായും ദിവസക്കൂലിയടിസ്ഥാനത്തിലും 102 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി) പ്രൊമോഷനും നേരിട്ടുള്ള നിയമനവും 1:1 എന്ന അനുപാതത്തിലാണ്.

(ഡി) 40 നിയമനങ്ങൾ നടത്തി:

കാസർഗോഡ്	..	10
കോഴിക്കോട്	..	3
കണ്ണൂർ	..	4
മലപ്പുറം	..	1
വയനാട്	..	2
തൃശ്ശൂർ	..	4
ഇടുക്കി	..	2
പാലക്കാട്	..	1
എറണാകുളം	..	2
കോട്ടയം	..	3
ആലപ്പുഴ	..	3
പത്തനംതിട്ട	..	2
കൊല്ലം	..	3

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[6-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 157 (T 5302) ദയവായി കാണുക]

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള 1954-ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമപ്രകാരം 2002-2003 വർഷത്തിൽ ഫയൽ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല		എണ്ണം
തിരുവനന്തപുരം	..	15
കൊല്ലം	..	11
പത്തനംതിട്ട	..	19
ഇടുക്കി	..	7
ആലപ്പുഴ	..	14
കോട്ടയം	..	20
എറണാകുളം	..	23
തൃശ്ശൂർ	..	34
പാലക്കാട്	..	12
മലപ്പുറം	..	4
കോഴിക്കോട്	..	37
വയനാട്	..	12
കണ്ണൂർ	..	60
കാസർഗോഡ്	..	1
ആകെ		269

LIBRARY ARCHIVES Kerala Legislative Assembly